**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. വെങ്കിടേഷ്. വി യ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2621/2017/** തസ്വഭവ. തീയതി, തിരുവനന്തപുരം,**28/07/2017**

---

പരാമർശം: 1) 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.03.2017 ലെ ഇ 2-10/12 നമ്പർ നടപടിക്രമങ്ങൾ.

3) ശ്രീ. വെങ്കിടേഷിന്റെ 25.04.2017 ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 27.04.2017, 02.06.2017 എന്നീ തീയതികളിലെ ഇ 6-13767/17 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള പി.എസ്.സി മുഖേന തൃശ്ശൂർ ജില്ലിയിൽ അളഗപ്പ നഗർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ .വെങ്കിടേഷ്.വി, ടിയാൾ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഫുൾടൈം ഗവേഷണ വിദ്യാർത്ഥിയാണെന്നും ആയത് പൂർത്തിയാകുന്നതിലേക്ക് 6 മാസത്തേക്ക് കൂടി പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം പ്രവേശന കാലയളവ് 24.04.2017 വരേയ്ക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

2. ശ്രീ. വെങ്കിടേഷ്. വി, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥിയാണെന്ന് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ അളഗപ്പ നഗർ ഗ്രാമപഞ്ചായത്തിൽ ക്ളാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. വെങ്കിടേഷ്.വി യ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഗവേഷണം പൂർത്തിയാക്കാനായി 2017 ഒക്ടോബർ 23 വരെ, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ക്ളാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4. ശ്രീ. വെങ്കിടേഷ്. വി യുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.ആന്റ് എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൾ സേവനത്തിൽ പ്രവേശിയ്ക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീജിത്.വി.പി**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. വെങ്കിടേഷ്. വി, ശങ്കരശക്തി, ആറുകുളങ്ങര ക്ഷേത്രത്തിന് സമീപം,
തൈക്കാട്ടുശ്ശേരി.പി.ഓ, തൃശ്ശൂർ, 680306 (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ. (I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/130/2017/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ